**SUNDAY** 27/10/2024 **ഞായറാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/10/2024

1. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 16-ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷ ക്ഷണിക്കുന്നു. സംസ്ഥാനതലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് രണ്ടു ലക്ഷം (Rs. 2,00,000) രൂപയും ജില്ലാതലത്തിൽ 50,000/- രൂപാ വീതമുള്ള 13 അവാർഡുകളും മട്ടുപ്പാവ്, സ്കൂൾ, കോളേജ്, വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകൾക്കായി 10,000/- രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളും ഉണ്ടായിരിക്കും. മൂന്നു വർഷത്തിനു മേൽ പൂർണമായും ജൈവഭക്ഷണകൃഷി ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. വെള്ളക്കടലാസിൽ കൃഷിയുടെ ലഘു വിവരണവും പൂർണ മേൽവിലാസവും വീട്ടിൽ എത്തിച്ചേരാനുള്ള വഴിയും 2 ഫോൺ നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം. ഫോട്ടോകളോ, മറ്റു സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം അയക്കരുത്. അപേക്ഷ അയക്കേണ്ട വിലാസം : കെ. വി. ദയാൽ, അവാർഡ് കമ്മറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി.ഒ., ആലപ്പുഴ - 688525. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2024 നവംബർ 30. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9447152460, 9447249971 .

2. കാർഷിക സർവ്വകലാശാല വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ പച്ചക്കറി വിത്തുകളായ ചീര - (അരുൺ), പാവൽ - (പ്രീതി), വഴുതന - (ഹരിത, സൂര്യ), പയർ - (ലോല, ഗീതിക, ഭാഗ്യലക്ഷ്മി,കാശികാഞ്ചൻ), മുളക് - (ഉജ്ജ്വല), തണ്ണിമത്തൻ - ഷോണിമ, സ്വർണ്ണ) എന്നിവ ലഭ്യമാണ്. കൂടാതെ പച്ചക്കറി തൈകൾ (മുളക്, വഴുതന, തക്കാളി), ഗ്രാഫ്റ്റഡ് പച്ചക്കറി തൈകൾ (മുളക്, തക്കാളി), എന്നിവയും വിൽപ്പനക്കു്. വില്പന സമയം രാവിലെ 9:00 മണി മുതൽ വൈകിട്ട് 4 മണി വരെ വരെയായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന ഫോൺ നമ്പറിൽ വിളിക്കാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. സംസ്ഥാന മൃസംരക്ഷണവകുപ്പ് ദുരന്തനിരാവരണനിധിയിൽനിന്ന് നൽകുന്ന നഷ്ടപരിഹാരത്തിന്‍്റെ വിശദാംശങ്ങൾ; വരൾച്ച, അത്യുഷ്ണം, വെള്ളപ്പൊക്കം എന്നിവയുൾപ്പെടെ പ്രകൃതിദുരന്തങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ, കന്നുകാലികളെ ബാധിക്കുന്ന ആന്ത്രാക്സ് ബ്രൂസല്ലോസിസ്, ചർമ്മമുഴരോഗം തുടങ്ങിയ പകർച്ചവ്യാധികൾ പന്നികളെ ബാധിക്കുന്ന ക്ലാസിക്കൽ സ്വൈൻ ഫീവർ, ആഫ്രിക്കൻ സൈ്വൻ ഫിവർ, ആടുകളെ ബാധിക്കുന്ന പിപിആർ അഥവാ ആടുവസന്ത, വളർത്തുപക്ഷികളിൽ മാരകമായ പക്ഷിപ്പനി തുടങ്ങിയ രോഗങ്ങൾ മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ എന്നിവയ്ക്ക് നഷ്ടപരിഹാരം * ലഭിക്കും. പേവിഷബാധ, വന്യമൃഗങ്ങളുടെ ആക്രമണം, തെരുവുനായയുടെ ആക്രമണം, - ഇടിമിന്നൽ, മുങ്ങിമരണം, വൈദ്യുതാഘാതം, സൂര്യാഘാതം, പാമ്പുകടി, വിഷബാധ, അപകടം എന്നിവയുണ്ടായി കന്നുകാലികൾ ചത്തുപോയാലും ഇപ്പോൾ കർഷകർക്ക് നഷ്ടപരിഹാരത്തിന് അപേക്ഷിക്കാനാകും. താറാവുകൾക്ക് ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്തതിനാൽ കുരലടപ്പൻ, താറാവുവസന്ത എന്നീ രോഗങ്ങൾ മൂലം മരണമടയുന്ന താറാവുകൾക്കും ഈ ഫണ്ടിൽനിന്നും നഷ്ടപരിഹാരം കിട്ടും. ദുരന്തനിവാരണ നിധിയിൽനിന്ന് തുക ലഭിക്കാൻ കർഷകർ ചെയ്യേണ്ടത്þ

ഉരുക്കൾക്ക് അത്യാഹിതങ്ങൾ സംഭവിച്ചാൽ ആ വിവരം ഉടൻതന്നെ തൊട്ടടുത്തുള്ള മൃഗാശുപത്രിയിൽ അറിയിക്കണം. ചത്ത ഉരുവിന്‍്റെ ഫോട്ടോ ദുരന്തസ്ഥലത്തു വച്ചുതന്നെ എടുത്തുസൂക്ഷിക്കാൻ മറക്കരുന നഷ്ടപരിഹാരം ലഭിക്കുന്നതിനായി നിശ്ചിത അപേക്ഷ ഫോറം പൂരിപ്പിച്ച് അനുബന്ധ രേഖകളും ഫോട്ടോകളും തൊട്ടടുത്ത മൃഗാശുപതിയിൽ സമർപ്പിക്കണം. അപകടമുണ്ടായി മൂന്നു മാസത്തിനകം ഇതുചെയ്യണം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

1. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ ഒക്ടോബർ 29, 30 എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **9388834424, 9446453247** എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം